(എ) ഇന്നത്തെ മന്ത്രിസഭ അധികാരം ഏറെറടുത്തശേഷം നടപ്പിലാക്കിയിട്ടുള്ള പ്രധാനപ്പെട്ട ഭരണപരിഷ്കാരങ്ങളും മന്ത്രിസഭയുടെ ഐകകണ്ഠ്യേനയുള്ള തീരുമാനപ്രകാരമാണോ എന്നു വ്യക്തമാക്കാമോ;

(ബി) ഐക്യമുന്നണി കോർഡിനേഷൻ കമ്മിററിയുടെ തീരുമാന പ്രകാരമാണോ ഇവ നടപ്പിലാക്കിയിട്ടുള്ളത്;

(സി) 25–12–1969 വരെയുള്ള പരിഷ്കാരങ്ങൾ ഏതെല്ലാമെന്നു പറയാമോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) അതെ.

(ബി) മെമ്പർ ഉദ്ദേശിക്കുന്നത് ഐക്യ കമ്മിററിയുടെ തീരുമാനങ്ങൾ എന്നായിരിക്കുമെന്നു വിശ്വസിക്കുന്നു. ആ അടിസ്ഥാനത്തിലാണ് മറുപടി പറയുന്നത്. മന്ത്രിസഭ ഇന്നിന്ന തീരുമാനങ്ങൾ എടുക്കണമെന്ന് ഐക്യകമ്മിററി നിർദ്ദേശിക്കാറില്ല. പ്രധാനപ്പെട്ട നയങ്ങളെ സംബന്ധിച്ച് പൊതുവായ നിർദ്ദേശങ്ങൾ നൽകും. അവയുടെ വെളിച്ചത്തിൽ മന്ത്രിസഭ സ്വയം തീരുമാനങ്ങൾ എടുക്കുകയാണ് പതിവ്.

(സി) വിവരങ്ങൾ അടങ്ങിയ ഒരു സ്റേറേറുമെൻറ് മേശപ്പുറത്ത് വച്ചിട്ടുണ്ട്. †

മത പരിവർത്തനം ചെയ്തിട്ടുള്ളവർക്കുള്ള ആനുകൂല്യം

* 9. [19] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും, കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരിൽനിന്നും മതപരിവർത്തനം ചെയ്തിട്ടുള്ളവർക്ക് എന്തെങ്കിലും പുതിയ ആനുകൂല്യം നൽകാമെന്ന് ഗവൺമെൻറ് ഉറപ്പുനൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ആനുകൂല്യമാണെന്ന് വ്യക്തമാക്കാമോ?

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഒ. കോരൻ):

(എ) ഉണ്ട്.

(ബി) 1. ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള ഹരിജനക്ഷേമ സമിതികളിലേക്ക് പട്ടികജാതിയിൽനിന്നും മത പരിവർത്തനം ചെയ്തിട്ടുള്ളവർക്കു കൂടി പ്രാതിനിദ്ധ്യം നൽകുക.

2. പുതിയതായി ആരംഭിക്കുന്ന ഹരിജൻ കോളനികളിൽ 5 ശതമാനം സ്ഥലം പട്ടികജാതിയിൽ നിന്നും മത പരിവർത്തനം ചെയ്തിട്ടുള്ളവർക്ക് നീക്കിവയ്ക്കുക.

3. ഭവനനിർമ്മാണത്തിനും ചെറുകിടവ്യവസായത്തിനും ഹരിജനക്ഷേമവകുപ്പിൽ നിന്നും നൽകുന്ന പലിശയില്ലാവായ്പകളും പട്ടികജാതിയിൽനിന്നും മത പരിവർത്തനം ചെയ്തിട്ടുള്ളവർക്കു കൂടി സംസ്ഥാന ഗവൺമെൻറിന്റെ സാമ്പത്തിക പരിമിതികൾക്കു വിധേയമായി നൽകുക.

---

† Appendix I

LIBRARY ARCHIVES Kerala Legislative Assembly